ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) വിസ്തൃതമായ ഭൂമിയുടെ ദൗർലഭ്യം, ഭൂമിയുടെ ഉയർന്ന് വില, മാധ്യമങ്ങളുടെ നിഷേധാത്മക നിലപാട്, പരിസ്ഥിതി പ്രവർത്തകരുടെ അകാരണമായ എതിർപ്പ് തുടങ്ങിയ ഘടകങ്ങൾ വ്യവസായ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

റവന്യൂ പുറമ്പോക്കുകളിലെ ചെറുകിട ക്വാറികൾ

207(914) ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റവന്യൂ പുറമ്പോക്കുകളിലെ ചെറുകിട ക്വാറികൾ വ്യവസായവകുപ്പ് ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ വ്യവസായവകുപ്പ് ഏറ്റെടുത്ത ക്വാറികൾ പ്രവർത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇത്തരം ക്വാറികൾ ലേലം ചെയ്തു നൽകണമെന്ന നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ;

(ഡി) എങ്കിൽ ഈ ക്വാറികളുടെ ലേലത്തുക നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

പരിസ്ഥിതി സന്തുലനം തകർക്കുന്ന ക്വാറിയിംഗ്

208(915) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി സന്തുലനം തകർക്കുന്ന വിധത്തിൽ നടത്തപ്പെടുന്ന ക്വാറിയിംഗും, മണ്ണെടുപ്പും, കുന്നിടിക്കലും തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് അനധികൃതമായി കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അത്തരം എത്ര കേസുകൾ കണ്ടെത്തുകയുണ്ടായി ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) ഒറ്റപ്പാലത്ത് എന്തെങ്കിലും പ്രദേശത്ത് അനധികൃത കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പരിസ്ഥിതി സന്തുലനം തകർക്കുന്ന വിധത്തിൽ ക്വാറിയിംഗ് നടത്തുവാൻ മൈനിംഗ് & ജിയോളജി വകുപ്പ് അനുവദിക്കുന്നില്ല. മണ്ണെടുപ്പിനും, കുന്നിടിക്കലിനും മൈനിംഗ് & ജിയോളജി വകുപ്പ് അനുമതി നൽകുന്നില്ല.

(ബി) ഉണ്ട്. 2006 മുതൽ 2010 ഡിസംബർ വരെ 8050 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിലൂടെ ₹ 4,04,00,285 (നാല് കോടി നാലുലക്ഷത്തി ഇരുന്നൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. അനധികൃത ക്വാറികൾ കണ്ടെത്തി പിഴ ഈടാക്കിയ ശേഷം നിയമാനുസൃതം പെർമിറ്റ് കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഒറ്റപ്പാലം താലൂക്കിൽ അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയ 25 ക്വാറികൾ കണ്ടെത്തി പിഴ ചുമത്തിയതിനുശേഷം നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി 19 ക്വാറികൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

മണൽ ദൗർലഭ്യംമൂലം നിർമ്മാണമേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

209(916) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽ ദൗർലഭ്യംമൂലം നിർമ്മാണമേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും മണൽ ലഭ്യമാക്കുന്നതിനുള്ള നടപടിമൂലം മണൽ ലഭ്യതയിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(സി) ഗുണനിലവാരമുള്ള മാനുഫാക്ചേർഡ് മണൽ ഉല്പാദിപ്പിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ടോ ;

(ഡി) മണൽ വിലവർദ്ധന തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly